ത്രിവേണിയുടെ മദ്യ സൂപ്പർ മാർക്കറ്റ്

109 (3263) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ത്രിവേണിയുടെ മദ്യ സൂപ്പർ മാർക്കറ്റ് പുതുതായി ആരംഭിക്കുകയുണ്ടായോ ;

(ബി) എങ്കിൽ എത്ര മദ്യ സൂപ്പർ മാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചുവെന്നും എന്ന മുതലാണ് ഓരോ ഔട്ട് ലെറ്റും പ്രവർത്തനം ആരംഭിച്ചതെന്നും ഓരോ ഔട്ട് ലെറ്റിലെയും അധികവരുമാനമെത്രയെന്നും ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ;

(സി) ഇത്തരത്തിൽ പുതുതായി ആരംഭിക്കുന്ന ഔട്ട് ലെറ്റുകൾ വരുന്നതോടുകൂടി പത്ത് വർഷം കൊണ്ട് സമ്പൂർണ്ണ മദ്യനിരോധനം എങ്ങനെ നടപ്പാക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ - സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ത്രിവേണിയുടെ മദ്യ സൂപ്പർ മാർക്കറ്റുകൾ ഒന്നുംതന്നെ പുതുതായി ആരംഭിച്ചിട്ടില്ല.

കൺസ്യൂമർഫെഡിലെ ക്രമക്കേട്

110 (3264) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിൽ കഴിഞ്ഞ നാലു വർഷത്തിനിടയിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ എത്ര ഇനത്തിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട് ;

(ബി) ക്രമക്കേടുകൾക്ക് ഉത്തരവാദികൾ ആയവർ ആരെല്ലാമാണ് ; പ്രസ്തുത ആൾക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ & ബി) കൺസ്യൂമർഫെഡിൽ കഴിഞ്ഞ 4 വർഷത്തിനിടയിൽ നടന്നതെന്ന് പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച ആധികാരിക റിപ്പോർട്ട് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ മറ്റുകാര്യങ്ങൾ കണ്ടെത്താനാകുകയുള്ളൂ.

കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ

111 (3265) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ ഇപ്പോഴത്തെ എം.ഡി. ചുമതലയേറ്റതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയ ആഭ്യന്തര അന്വേഷണത്തിൽ എന്ത് തുകയുടെ സാമ്പത്തിക ക്രമക്കേടാണ് കണ്ടെത്തിയത് ;

(ബി) അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം ?

ഉത്തരം

(എ) കൺസ്യൂമർഫെഡിൽ ഇപ്പോഴത്തെ എം.ഡി. ചുമതലയേറ്റതിനുശേഷം നടത്തിയ ആഭ്യന്തര അന്വേഷണത്തിൽ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപണിയും നടത്തിയത് സംബന്ധിച്ച് കൃത്യമായ തുക തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ 16 പേരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

കൺസ്യൂമർഫെഡിനെ സംരക്ഷിക്കാൻ നടപടി

112 (3266) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന നീതി, നന്മ, ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ, ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ എന്നിവയിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര എന്നും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര എന്നും വ്യക്തമാക്കാമോ ;

(ബി) കൺസ്യൂമർഫെഡിന്റെ 2006 മുതലുള്ള ടേൺ ഓവർ വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(സി) 2006 മുതൽ മദ്യവില്പനയിൽ നിന്ന് കൺസ്യൂമർഫെഡിനു ലഭിച്ച ലാഭം വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഡ്ജറ്റ് വിഹിതമായി കൺസ്യൂമർഫെഡിന് തുക വകയിരുത്തിയിരുന്നോ; വിശദമാക്കാമോ ;

(ഇ) സബ്സിഡി ഇനത്തിൽ സർക്കാരിൽ നിന്ന് എത്ര തുക ലഭിക്കാനുണ്ട് ; വിശദമാക്കാമോ ;

(എഫ്) കൺസ്യൂമർഫെഡിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതിയും ധൂർത്തും അവസാനിപ്പിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly